പത്രക്കുറിപ്പ് 21.07.2016

# പരമ്പരാഗത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം പരിപോഷിപ്പിക്കും

## -കൃഷി മന്ത്രി വി.എസ് സുനിൽകുമാർ

വിഴിഞ്ഞം: പരമ്പരാഗത ഭക്ഷ്യവസ്തുക്കളുടെ പരിപോഷണത്തിനും കൃഷിയ്ക്കും സർക്കാർ മുൻഗണന നൽകുമെന്ന് കൃഷിമന്ത്രി വി.എസ് സുനിൽകുമാർ പറഞ്ഞു. ചപ്പാത്ത് ശാന്തിഗ്രാമിൽ നടന്ന പനസ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, ചക്ക ഉല്പന്ന നിർമ്മാണ പൊതുസേവന കേന്ദ്രം എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. അഡ്വ. എം. വിൻസന്റ് എം.എൽ.എ അദ്ധ്യക്ഷനായിരുന്നു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ മധു, ചക്ക ഉല്പന്നങ്ങളുടെ വിപണനോദ്ഘാടനം നിർവഹിച്ചു. ദശദിന ചക്ക ഉല്പന്ന നിർമ്മാണ പരിശീലന കോഴ്സ്, ശാന്തിഗ്രാം വെബ്സൈറ്റ് എന്നിവയുടെ ഉദ്ഘാടനം നബാർഡ് ചീഫ് ജനറൽ മാനേജർ വി. ആർ രവീന്ദ്രനാഥ് നിർവ്വഹിച്ചു.

നബാർഡ്, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർട്ടിയം (SFAC), സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ഭാരത സർക്കാർ ശാസ്ത്ര സാങ്കേതിക വകുപ്പ്- SEED ഡിവിഷൻ എന്നിവയുടെ സഹായത്തോടെ ശാന്തിഗ്രാം, ജാക്ക്ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (JPC) തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിലാണ് ചക്ക ഉത്സവം സംഘടിപ്പിച്ചത്.

ജാക്ക് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഏർപ്പെടുത്തിയ വിവിധ പുരസ്ക്കാരങ്ങൾ മന്ത്രി വിതരണം ചെയ്തു. മുട്ടം വരിയ്ക്ക പ്ലാവ് ലോകത്ത് ആദ്യമായി വികസിപ്പിച്ചെടുത്ത പ്രൊഫ.കെ. ശ്രീനിവാസന് പ്ലാവ്-പുണ്യ വൃക്ഷം (Jack-a holy tree) പുരസ്ക്കാരം മരണാനന്തര ബഹുമതിയായി സമർപ്പിച്ചു. അദ്ദേഹത്തിന്റെ മക്കളായ സുദർശൻ, സുധ എസ്.ലാൽ എന്നിവർ ചേർന്ന് പുരസ്ക്കാരം സ്വീകരിച്ചു. സന്നദ്ധ സംഘടന കൾക്കുള്ള ശ്രേഷ്ഠസേവാ പുരസ്ക്കാരം സിസ്സ ജനറൽ സെക്രട്ടറി ഡോ.സി. സുരേഷ് കുമാർ ഏറ്റുവാങ്ങി

**മറ്റ് പുരസ്ക്കാര ജേതാക്കൾ:** ചക്കയുടെ ആഗോള അംബാസഡർ- ശ്രീപദ്രേ, ഭക്ഷ്യമേഖലയിലെ ചക്ക അംബാസഡർ- ജെയിംസ് ജോസഫ്, ചക്കയുടെ മാധ്യമ മേഖലാ അംബസഡർ- എസ്.ഡി. വേണുകുമാർ, ചക്കയുടെ വ്യവസായ സംരംഭക അംബസഡർ- സുഭാഷ് കോറോത്ത്, ചക്ക സംരംഭങ്ങളുടെ മാതൃകാ സംഘാ ടകൻ - സി.ഡി സുനീഷ്, ചക്കയുടെ ശ്രേഷ്ഠ പരിശീലക-പത്മിനി ശിവദാസ്, പുണ്യവൃക്ഷം പ്രൊഫ. ശ്രീനി വാസൻ പുരസ്ക്കാരം- ജാക്ക് അനിൽ

ചക്കയുടെ പ്രചാരണത്തിൽ മികച്ച സേവനം നൽകിവരുന്നവർക്കുള്ള പ്രത്യേക പുരസ്ക്കാരങ്ങൾ ജെയിംസ് പി.മാത്യു (ഇരുമ്പകചോല, പാലക്കാട്), ഡോ.ജിസ്സി ജോർജ് (കെ..വി.കെ ആലപ്പുഴ), മൃദുവർണ്ണൻ (ചിക്കൂസ് ഐസ്ക്രീം, പാലക്കാട്) എന്നിവർക്ക് സമ്മാനിച്ചു. പാചക മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥ മാക്കിയ രാജശ്രീ ആർ (കെ.വി.കെ കായംകുളം), വിക്ടോറിയൽ (മാർത്താണ്ഡം), ജിനു മനോജ് (കരുംകുളം) എന്നിവർക്ക് ക്യാഷ് അവാർഡുകൾ നേടി.

**റൂഫസ് ഡാനിയേൽ** (ചെയർമാൻ, ജാക്ക് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ), **കെ.സി രുഗ്മിണിദേവി** (മാനേജിംഗ് ഡയറ ക്ടർ, എസ്.എഫ്.എ.സി), **സന്ധ്യ നാഗേഷ്** (ഡി.ഡി.എം, നബാർഡ്), **എൻ. അനിത** (പ്രസിഡന്റ്, നേമം ബ്ലോക്ക് പഞ്ചാ യത്ത്), **ഡി. ഷൈലജ** (പ്രസിഡന്റ്, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്) **ഡോ.രഘു രാംദാസ്** (ജോ.ഡയറക്ടർ, മിത്ര നികേതൻ), **ഡോ.എസ്.കെ അജയ്യകുമാർ** (സരസ്വതി ആശുപത്രി, പാറശ്ശാല), മുതിർന്ന പത്രപ്രവർത്തകൻ കുര്യൻ പാമ്പാടി (കോട്ടയം) **ലൈലാ മണ്ണിൽ** (പ്രസിഡന്റ്, ജാക്ക് ഫ്രൂട്ട്, പ്രൊമോഷൻ കൗൺസിൽ), **എസ്. ശോഭ** (മെമ്പർ, കോട്ടുകാൽ ഗ്രാമപഞ്ചായത്ത്) എന്നിവർ ആശംസാപ്രസംഗം നടത്തി.

ജൂലൈ 29 വരെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കായി ഭാരത സർക്കാർ ശാസ്ത്ര-സാങ്കേതിക വകുപ്പ് സീഡ് ഡിവിഷന്റെ സഹായത്തോടെ സംഘടിപ്പിക്കുന്ന ചക്ക ഉല്പന്ന നിർമ്മമാണ പരിശീലനം ശാന്തി ഗ്രാമിൽ ഉണ്ടായിരിക്കും

**എൽ.പങ്കജാക്ഷൻ**
ഡയറക്ടർ, ശാന്തിഗ്രാം
(M) 9072302707